**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 231** **07.12.2018 ൽ മറുപടിയ്ക്ക്**

**വനത്താൽ ചുറ്റപ്പെട്ട പ്രദേശത്ത് താമസിക്കുന്നവരുടെ പുനരധിവാസം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. ചിറ്റയം ഗോപകുമാർ**<br>**'' ഇ.ടി. ടൈസൺ മാസ്റ്റർ**<br>**'' കെ. രാജൻ** | | **അഡ്വ .കെ.രാജു**<br>**(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** |
| (എ) | വനത്താൽ ചുറ്റപ്പെട്ട പ്രദേശത്ത് ഒറ്റപ്പെട്ട് താമസിക്കുന്നവരെ വനത്തിനു പുറത്തേക്ക് മാറ്റി താമസിപ്പിക്കാൻ വനം വകുപ്പിന് പദ്ധതിയുണ്ടോ ; | (എ) | വർദ്ധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷം പരിഗണിച്ചും മനുഷ്യ ജീവനും സ്വത്തിനും വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശത്തിന് ഒരു ശാശ്വത പരിഹാരമുണ്ടാക്കുക എന്ന ഉദ്ദേശത്തോടുകൂടിയും വനത്തിനുള്ളിൽ വസിക്കുന്നവരെ വനത്തിനു പുറത്തേക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള വയനാട് വന്യജീവി സങ്കേതത്തിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹകരണത്തോടെ ഇപ്പോൾ നടന്നു വരുന്നുണ്ട്. കൂടാതെ, Compensatory Afforestation Fund Management of Planning Authority യുമായി ബന്ധപ്പെട്ട് വന്യജീവി സങ്കേതം, നാഷണൽ പാർക്ക് എന്നിവയ്ക്ക് വെളിയിലുള്ള വനമേഖലയിലും വനത്തിനുള്ളിൽ താമസിക്കുന്നവരെ വനത്തിന് പുറത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കുവാനുള്ള പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | അത്തരത്തിൽ വനം, റവന്യൂ കൃഷി, പൊതുമരാമത്ത് എന്നീ വകുപ്പ് ഉദ്യോഗസ്ഥർ സന്ദർശിച്ച് റിപ്പോർട്ട് നല്കിയശേഷവും പുനരധിവാസം നടത്താതിരിക്കുന്ന വിഷയം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിലവിലുണ്ട്, കാസർഗോഡ് കാറഡുക്ക സെക്ഷനിൽ ഉൾപ്പെട്ട ചേറ്റോണിയിൽ ശ്രീമതി നാരായണിയുടെ ഇത്തരത്തിലുള്ള അപേക്ഷ സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ പുനരധിവാസം നടത്തുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) | വനത്തിനുള്ളിൽ വസിക്കുന്നവർ വനത്തിന് പുറത്തേയ്ക്ക് മാറി താമസിക്കുന്നതിന് സന്നദ്ധരാകാതിരിക്കുന്നത്, അവർക്ക് പാർപ്പിടവും കൃഷി സ്ഥലവും വനത്തിനു പുറത്ത് കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്, പുനരധിവസിപ്പിക്കപ്പെടുന്ന കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാര തുക, വീട്, സ്ഥലം എന്നിവ വാങ്ങുന്നതിനുള്ള സാമ്പത്തിക ബാദ്ധ്യത എന്നിവ ഇത്തരം പദ്ധതികൾക്ക് തടസ്സമായി നിൽക്കുന്നുണ്ട്. വന്യജീവി സങ്കേതങ്ങളിലും നാഷണൽ പാർക്കുകളിലും മാത്രമെ ഇപ്രകാരമുള്ള മാറ്റിപ്പാർപ്പിക്കലിന് വ്യവസ്ഥയുള്ളൂ. വന്യജീവി സങ്കേതങ്ങൾക്കും നാഷണൽ പാർക്കുകൾക്കും പുറത്തുള്ള വനമേഖലയിലെ ഉൾക്കാട്ടിൽ താമസിക്കുന്ന കുടുംബങ്ങളെ വനത്തിനു വെളിയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിനായി Compensatory Afforestation Fund Management of Planning Authority (CAMPA) 2016-17, 2017-18, 2018-19 വർഷങ്ങളിലെ വാർഷിക പദ്ധതിരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതാണ്. |

**ഉപസെക്ഷൻ ഓഫീസർ**